# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 924      12/06/2013 ൽ മറുപടിയ്ക്ക്

## <u>ഇ-ഗ്രാന്റ്സ് സംവിധാനം</u>

| ചോദ്യം<br>ശ്രീ. എ. കെ. ബാലൻ | ഉത്തരം<br>ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
|---|---|
| (എ) പട്ടികജാതി വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് സംവിധാനം മുഖേന ലഭിക്കേണ്ട സാമ്പത്തിക ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. ഇ-ഗ്രാന്റ്സ് സംവിധാനം വഴി വിദ്യാർത്ഥികൾക്ക് യഥാസമയം ആനുകൂല്യം നൽകിവരുന്നുണ്ട്. എന്നാൽ ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങൾ യഥാസമയം ക്ലെയിം നൽകാത്തതുമൂലം ചില വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭിക്കുന്നതിന് കാലതാമസം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇ-ഗ്രാന്റ്സ് സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഏത് മാസം വരെയുള്ള സാമ്പത്തിക ആനുകൂല്യങ്ങളാണ് ഇ-ഗ്രാന്റ്സ് വഴി വിതരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) ഇ-ഗ്രാന്റ്സ് സംവിധാനം നിലവിൽ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ സ്ഥാപന മേധാവികൾ ക്ലെയിം ചെയ്യുന്ന മുറയ്ക്കാണ് ഇ-ഗ്രാന്റ്സിൽ ആനുകൂല്യം അനുവദിക്കുന്നത്. 03/06/2013 വരെ ലഭിച്ച എല്ലാ ക്ലെയിമുകൾക്കും ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. |
| (സി) സർവ്വകലാശാലകളിൽ ജെ.ആർ.എഫ്, എസ്.ആർ.എഫ് ഉൾപ്പെടെ വിവിധ ഗവേഷണ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന എത്ര വിദ്യാർത്ഥികൾക്കാണ് പ്രസ്തുത സംവിധാനം വഴി ഗ്രാന്റിന് അർഹതയുള്ളത്. ഇവരിൽ എത്ര പേരുടെ എന്നുവരെയുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്; | (സി) 2012-13 ൽ സർവ്വകലാശാലാ തലങ്ങളിൽ വിവിധ ഗവേഷണ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന 326 വിദ്യാർത്ഥികൾ ഇ-ഗ്രാന്റ്സ് വഴി ആനുകൂല്യത്തിന് അർഹത നേടിയിട്ടുണ്ട്. ഇതിൽ 314 വിദ്യാർത്ഥികളുടെ 03/06/2013 വരെ ലഭിച്ച ക്ലെയിമുകൾക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രൊഫഷണൽ ഡിഗ്രി/ഡിപ്ലോമ കോഴ്സുകൾ പഠിച്ചുകൊണ്ടിരിക്കുന്ന എത്ര വിദ്യാർത്ഥികൾക്കാണ് പ്രസ്തുത സംവിധാനം വഴി ഗ്രാന്റിന് അർഹതയുള്ളത് ; ഇതിൽ എത്ര പേർക്ക് എന്നുവരെയുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. | (ഡി) | 2012-13 ൽ പ്രൊഫഷണൽ ഡിഗ്രി/ഡിപ്ലോമ കോഴ്സുകൾക്ക് പഠിക്കുന്ന 22109 വിദ്യാർത്ഥികൾ ഇ-ഗ്രാന്റ്സ് വഴി ആനുകൂല്യത്തിന് അർഹത നേടിയിട്ടുണ്ട്. ഇതിൽ 21909 വിദ്യാർത്ഥികളുടെ 03/06/2013 വരെ ലഭിച്ച ക്ലെയിമുകൾക്ക് ആനുകൂല്യം അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (ഇ) | ആർട്സ് & സയൻസ് ഡിഗ്രി കോഴ്സുകൾ പഠിച്ചുകൊണ്ടിരിക്കുന്ന എത്ര വിദ്യാർത്ഥികൾക്കാണ് പ്രസ്തുത സംവിധാനം വഴി ഗ്രാന്റിന് അർഹതയുള്ളത്; ഇതിൽ എത്ര പേർക്ക് എന്നുവരെയുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട് ? | (ഇ) | 2012-13 ൽ ആർട്സ് & സയൻസ് ഡിഗ്രി കോഴ്സുകൾക്ക് പഠിക്കുന്ന 103213 വിദ്യാർത്ഥികൾ ഇ- ഗ്രാന്റ്സ് വഴി ആനുകൂല്യത്തിന് അർഹത നേടിയിട്ടുണ്ട്. ഇതിൽ 102613 വിദ്യാർത്ഥികളുടെ 03/06/2013 വരെയുള്ള ക്ലെയിമുകൾക്ക് ആനുകൂല്യം അനുവദിച്ചു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ